**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011-2014)

## ഒന്നാമത് റിപ്പോർട്ട്

( 2012 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പാർവ്വതീപുത്തനാർ, വേളി-ആക്കുളം കായൽ പ്രദേശങ്ങൾ**
**നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011-2014)

ഒന്നാമത് റിപ്പോർട്ട്

( 2012 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പാർവ്വതീപുത്തനാർ, വേളി–ആക്കുളം കായൽ പ്രദേശങ്ങൾ**
**നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്**

792/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂൺ 6-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

**സി. പി. മുഹമ്മദ്,**

തിരുവനന്തപുരം,
2012 ജൂൺ 6.

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

# ആമുഖം

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ നിന്നും ഏകദേശം എട്ടുകിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നതും തിരുവനന്തപുരം നഗരസഭയുടെ അതിർത്തിയിൽ വരുന്നതുമായ വേളി-ആക്കുളം കായൽ ഒരു പ്രധാന വിനോദ സഞ്ചാരകേന്ദ്രമാണ്. തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മലിനജലത്തെ ഉൾക്കൊള്ളുന്ന രണ്ട് ജലാശയങ്ങളായി അവ മാറിയിരിക്കുന്നു.

വേളി-ആക്കുളം കായൽ, പാർവ്വതീപുത്തനാർ എന്നിവിടങ്ങളിലെ മലിനീകരണം, കയ്യേറ്റം തുടങ്ങി ഈ ജലാശയങ്ങളെ നശിപ്പിക്കുന്ന വിവിധ പ്രവൃത്തികളെക്കുറിച്ച് സമിതിക്ക് വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവരിൽ നിന്നും ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി 29-12-2011-ന് പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി നടത്തിയ സന്ദർശനത്തിന്റെയും ചർച്ചയുടെയും ഫലമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പാർവ്വതീപുത്തനാർ, വേളി-ആക്കുളം കായൽ എന്നീ ജലാശയങ്ങളെ പുനരുദ്ധരിക്കുന്നതിന് സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

വിനോദസഞ്ചാര വികസനത്തിന് ഏറെ സാദ്ധ്യതകളുള്ള ഭൂപ്രകൃതിയാണ് കേരളത്തിനുള്ളത്. സംസ്ഥാനത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ അതിർത്തിയായ അറബിക്കടൽ തെക്ക് തിരുവനന്തപുരം മുതൽ വടക്ക് കാസർഗോഡുവരെ നീണ്ടുകിടക്കുന്നു. കിഴക്ക് ഭാഗം സഹ്യന്റെ താഴ്‌വാരങ്ങളിലെ പച്ചപ്പരവതാനി വിരിച്ച വിവിധയിനം പക്ഷി മൃഗാദികളും സസ്യജാലങ്ങളും കൊണ്ടുനിറഞ്ഞ നിബിഡവനങ്ങൾ. പടിഞ്ഞാറ് കടൽ കടന്നാൽ ഉള്ളിലേക്കുമാറി മനോഹരങ്ങളായ കായലുകളും അതിന്റെ തുടർച്ചയെന്നോണം അനേകം ചെറുതും വലുതുമായ നദികളും തോടുകളും അരുവികളും.

കടലുമായി ബന്ധപ്പെട്ടുകിടക്കുന്ന ജലാശയങ്ങളായ കായലുകൾ സംസ്ഥാനത്തിന്റെ പടിഞ്ഞാറുഭാഗത്തെ ജല സമൃദ്ധമാക്കുന്നു. ഇത്തരം 34 കായലുകളാണ് കേരളത്തിലുള്ളത്. കിഴക്ക് സഹ്യന്റെ മടിയിൽ നിന്നുത്ഭവിക്കുന്നവയാണ് മിക്ക നദികളും. ഇവ കായലുകളിലും തുടർന്ന് സമുദ്രത്തിലും പതിക്കുന്നു. പ്രകൃതിദത്തമായ ഈ വരദാനങ്ങളെല്ലാം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുതകുന്നവയാണ്.

1986-ൽ ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇൻഡ്യയിൽ നിന്നും സൂപ്പർ ബ്രാൻഡായി തെരഞ്ഞെടുക്കപ്പെട്ട ഏക വിനോദസഞ്ചാരകേന്ദ്രവും കേരളമാണ്. ഇൻഡ്യയിലെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതി ആരംഭിച്ചതും കൊല്ലം ജില്ലയിലെ തെന്മലയിലാണ് (1999) എന്നതും ശ്രദ്ധേയമാണ്.

ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള ഒരു ഭൂവിഭാഗമാണ് കേരളം. ഈ സാദ്ധ്യതകൾ പൂർണ്ണമായിട്ടല്ലെങ്കിലും ഭാഗികമായിട്ടെങ്കിലും ഉപയോഗപ്പെടുത്തുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും പഠനവിഷയമാക്കേണ്ടതുമായ സംഗതികളാണ്. ടൂറിസം സംസ്ഥാനത്തിന്റെ വിദേശനാണ്യം ഉൾപ്പെടെയുള്ള വരുമാനസ്രോതസ്സാണെന്നുള്ളതിൽ സംശയത്തിനു വകയില്ല.

സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഒരു വകുപ്പും ഒരു കോർപ്പറേഷനും നിലവിലുണ്ട്. ടൂറിസം വികസനത്തിനായി വാർഷിക പദ്ധതിയിൽ നല്ലൊരു തുക നീക്കിവയ്ക്കുന്നുമുണ്ട്. കൂടാതെ കേന്ദ്ര ധനസഹായവും. പക്ഷേ ടൂറിസം വികസനം ഇന്നും ശൈശവദശയിൽ തന്നെയാണെന്ന് പറയാതെ നിർവ്വാഹമില്ല. ഇതു ശരിയായി വിലയിരുത്തണമെങ്കിൽ സംസ്ഥാനം ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒരു സന്ദർശനം നടത്തിയാൽ വ്യക്തമാകുന്നതാണ്.

**മലിനീകരണം**

സംസ്ഥാനത്തെ ടൂറിസം വികസനത്തെ തളർത്തുന്ന പ്രധാന ഘടകം മലിനീകരണമാണ്. വിനോദസഞ്ചാരകേന്ദ്രങ്ങളായ സംസ്ഥാനത്തെ ജലാശയങ്ങൾ ഇന്ന് വിവിധ തരത്തിലുള്ള മലിനീകരണംമൂലം നാശത്തിന്റെ പാതയിലാണ്.

'ദൈവത്തിന്റെ സ്വന്തം നാടാ'യ കേരള സംസ്ഥാനത്തിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുന്നതിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും മുഖ്യപങ്കാണ് കേരളത്തിലെ കായലുകൾക്കുള്ളത്. ആവാസവ്യവസ്ഥയും പാരിസ്ഥിതിക സന്തുലിതാവസ്ഥയും നിലനിർത്തുന്നതിൽ കായലുകളും നദികളും അരുവികളും ഉൾപ്പെടുന്ന തണ്ണീർത്തടങ്ങൾക്ക് കാര്യമായ പ്രാധാന്യമുണ്ട്. ആയതിനാൽ കായലുകളെ സംരക്ഷിക്കേണ്ടത് പരിസ്ഥിതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ജലാശയങ്ങളും അവയോടനുബന്ധിച്ചുള്ള ആവാസവ്യവസ്ഥയും ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്ന പ്രധാന ഘടകങ്ങളാണ്. എന്നാൽ നമ്മുടെ ജലാശയങ്ങളിൽ ഉണ്ടാകുന്ന വ്യാപകമായ മലിനീകരണം ഈ കാലഘട്ടത്തിൽ ആപത്ക്കരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. മാലിന്യനിർമ്മാർജ്ജനത്തിലെ അപര്യാപ്തതകൾ, ജനപ്പെരുപ്പം, വ്യവസായവൽക്കരണം, യുക്തിസഹമല്ലാത്ത വികസന നയങ്ങൾ എന്നിവ നമ്മുടെ ജലാശയങ്ങളെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം മലിനീകരണം തടയേണ്ടത് പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് അത്യാവശ്യമാണ്.

കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ അതിപ്രധാനമായ സ്ഥാനമാണ് തിരുവനന്തപുരത്തെ വേളി-ആക്കുളം കായലിനുള്ളത്. ടി.എസ്. കനാലിന്റെ ഭാഗമായ കുപ്പത്തിനും അറബിക്കടലിനും ഇടയിലുള്ള കായൽഭാഗമാണ് വേളി കായൽ. ഇതിന് രേഖകൾ പ്രകാരം 18.5 ഹെക്ടർ വിസ്തൃതിയുണ്ട്. വേളി കായലിനോടുചേർന്നുള്ള കഴക്കൂട്ടം-കോവളം ബൈപ്പാസ് റോഡിനും ആക്കുളത്തിനും ഇടയ്ക്കുള്ള ഭാഗം ആക്കുളം കായൽ എന്നറിയപ്പെടുന്നു. ഈ ഭാഗത്തിന് 63 ഹെക്ടർ വിസ്തൃതിയുള്ളതായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വേളി കായൽ പാർവ്വതീപുത്തനാർവഴി മൂന്നാറ്റുമുക്കിൽ വച്ച് കരമനയാറുമായി സന്ധിക്കുന്നു. സംസ്ഥാന ടൂറിസം മേഖലയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ് ഈ കായൽപ്രദേശം.

ഭരണസിരാകേന്ദ്രമായ തിരുവനന്തപുരം നഗരത്തിൽനിന്നും ഏകദേശം എട്ടുകിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്നതും തിരുവനന്തപുരം നഗരസഭയുടെ അതിർത്തിയിൽ വരുന്നതുമായ വേളി-ആക്കുളം കായൽ ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രമാണ്. ആക്കുളം ടൂറിസ്റ്റ് വില്ലേജ്, വേളി ടൂറിസ്റ്റ് വില്ലേജ് എന്നിവ വിനോദസഞ്ചാരികൾക്കായി വിവിധതരം ബോട്ടുകൾ, നീന്തൽകുളം, കുട്ടികളുടെ പാർക്ക് തുടങ്ങിയ പലവിധ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. ഈ കേന്ദ്രങ്ങൾ സ്വദേശികളും വിദേശികളുമായ ധാരാളം വിനോദസഞ്ചാരികളെ കാലങ്ങളായി ആകർഷിച്ചുവരുന്നു. വർഷംതോറും അതിഥികളായി ധാരാളം ദേശാടനപക്ഷികൾ ആക്കുളം ജലാശയത്തെ ലക്ഷ്യമാക്കി എത്താറുണ്ട്.

കുട്ടികളുടെ പാർക്കും അമ്യൂസ്മെന്റ് പാർലറും കായലിനുമധ്യേയുള്ള കൃത്രിമ ദ്വീപും ഫ്ളോട്ടിംഗ് റസ്റ്റാറന്റും പക്ഷിസ്നേഹികളെ ഏറെ ആകർഷിക്കുന്ന വാക്-ഇൻ-എവിയറും ഈ കേന്ദ്രത്തിന്റെ സവിശേഷതകളാണ്.

റാണി പാർവ്വതീഭായിയുടെ ഭരണകാലത്ത് (1815-1829) കണിയാപുരം മുതൽ വള്ളക്കടവ് (കൽപാലക്കടവ്) വരെ ഗതാഗതത്തിനായി രൂപപ്പെടുത്തിയ ജലപാതയാണ് പാർവ്വതീപുത്തനാർ. നാടിന്റെ ഒരറ്റത്തുനിന്ന് മറ്റേയറ്റം വരെ യാത്രയ്ക്കും

ചരക്കുഗതാഗതത്തിനും ഈ ജലപാത യഥേഷ്ടം ഉപയോഗിച്ചിരുന്നു. ആലപ്പുഴയും തിരുവനന്തപുരവുമായി കച്ചവടബന്ധം സ്ഥാപിക്കാൻ ഈ ജലപാത ഒരു കാലത്ത് വളരെയധികം ഉപകരിച്ചിരുന്നു. ഇതിനെ തിരുവനന്തപുരം ചേർത്തല കനാൽ എന്നും വിളിച്ചിരുന്നു.

വേളി-ആക്കുളം കായൽ, പാർവ്വതീപുത്തനാർ എന്നിവിടങ്ങളിലെ മലിനീകരണം, കയ്യേറ്റം തുടങ്ങി ഈ ജലാശയങ്ങളെ നശിപ്പിക്കുന്ന വിവിധ പ്രവൃത്തികളെക്കുറിച്ച് സമിതിക്ക് വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവയിൽ നിന്നും ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുവാൻ സമിതി തീരുമാനിച്ചു.

സമിതിക്ക് ലഭിച്ച പരാതികളിലെ മുഖ്യമായ വിഷയങ്ങൾ താഴെപ്പറയുന്നവയാണ് :

1. സമീപപ്രദേശങ്ങളിലെ ഫാക്ടറികൾ, ആശുപത്രികൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ കായലിലേക്ക് തള്ളുന്നു.

2. തിരുവനന്തപുരം പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഡ്രെയിനേജി ലൂടെയും അല്ലാതെയും ഒഴുകിയെത്തുന്ന മലിനവസ്തുക്കൾ കായലിനെ മലിനമാക്കുന്നതോടൊപ്പം കായലിന്റെ ആഴം കുറയുന്നതിനും കാരണ മാകുന്നു.

3. പോള (കുളവാഴ)കളുടെ വളർച്ചയും വ്യാപനവും തടയുന്നതിന് അധികൃതർ നടപടികളൊന്നും സ്വീകരിക്കാത്തതിനാൽ ജലോപരിതലം ബോട്ടുയാത്രയ്ക്ക് തടസ്സമാകുന്നു.

4. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ അനധികൃതമായി കായൽ തീരം കയ്യേറുന്നതിനാൽ കായലിന്റെ സ്വാഭാവിക വിസ്തൃതി ക്രമാതീതമായി കുറഞ്ഞുവരുന്നു.

5. പാർവ്വതീപുത്തനാറിന്റെ ജലോപരിതലം കാണാൻ കഴിയാത്തവിധം വർഷങ്ങളായി പോളകൾകൊണ്ടു നിറഞ്ഞുകിടക്കുന്നു.

6. മുട്ടത്തറ സ്വീവേജ് ഫാമിലെ മലിനജലം, സമീപപ്രദേശങ്ങളിലെ വീടു കളിലെ ഡ്രെയിനേജ് മാലിന്യം, വ്യാപാരസ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, ചപ്പുചവറു കൾ എന്നിവ പാർവ്വതീപുത്തനാറിലേക്ക് തള്ളുകയും യഥാസമയം പൊഴി മുറിക്കാത്തതിനാൽ മാലിന്യങ്ങൾ കെട്ടിക്കിടന്ന് കൊതുകുശല്യം വർദ്ധി ക്കുകയും തന്മൂലം പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനും കാരണ മാകുന്നു.

7. പാർവ്വതീപുത്തനാറും വേളി-ആക്കുളം കായലും പോളകൾ നീക്കി ശുദ്ധീകരിക്കുന്നതിന് വൻതുക ചെലവാക്കി നടപടി സ്വീകരിച്ചുവെങ്കിലും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായില്ല.

പരാതികളിൽ പരാമർശിക്കുന്ന കാര്യങ്ങൾ അത്യന്തം ഗൗരവമുള്ളവയായി കണ്ടതിനാൽ നിജസ്ഥിതി നേരിൽ കണ്ട് ബോദ്ധ്യപ്പെടുന്നതിനായി പ്രസ്തുത പ്രദേശം സന്ദർശിക്കുവാൻ സമിതി തീരുമാനിച്ചു. സന്ദർശനത്തിന് മുന്നോടിയായി ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി 29-12-2011-ന് സമിതി നിയമസഭാ കോംപ്ലക്സിൽ യോഗം ചേരുകയും തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം, പരിസ്ഥിതി, ജലവിഭവം, ആരോഗ്യകുടുംബക്ഷേമം, റവന്യൂ, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. പരാതികളിൽ ഉന്നയിച്ചിരുന്ന വിഷയങ്ങളെ സംബന്ധിച്ച സമിതിയുടെ അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഉണ്ടായ പ്രതികരണങ്ങളുടെ സാരാംശം താഴെപ്പറയും പ്രകാരമാണ് :

പാർവ്വതീപുത്തനാറിന്റെ കരകളിലുള്ള വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, അനധികൃത അറവുശാലകൾ, വർക്ക്ഷോപ്പുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ പുത്തനാറിലും, തുടർന്ന് വേളി കായലിലും കണ്ണമ്മൂല തോട് വഴി നഗരത്തിലെ മാലിന്യങ്ങൾ ആക്കുളം കായലിലും എത്തുന്നു. മുട്ടത്തറ ഉൾപ്പെടെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും തുറന്നു വിടുന്ന മാലിന്യങ്ങളും ഈ ജലാശയങ്ങളിൽ വന്നുചേരുന്നു.

സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് കായലിലെ വെള്ളത്തിന്റെ ഗുണനിലവാരം മുറയ്ക്ക് പരിശോധിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. പാർവ്വതീപുത്തനാറും വേളി-ആക്കുളം കായലും ഗുരുതരമായി മലിനീകരിക്കപ്പെട്ടിട്ടുണ്ട് എന്നാണ് പരിശോധനകൾ വെളിപ്പെടുത്തുന്നത്. ആധുനിക സംവിധാനങ്ങളോടെ മുട്ടത്തറയിൽ പണി പൂർത്തിയായിവരുന്ന സ്വീവേജ് സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ അവിടെ നിന്നുള്ള മാലിന്യത്തിന്റെ വരവ് നിലയ്ക്കുമെങ്കിലും മറ്റു മാർഗ്ഗങ്ങളിലൂടെയുള്ള മലിനീകരണം തടയപ്പെടാത്തിടത്തോളംകാലം ജലാശയങ്ങളിലെ മലിനീകരണം പൂർണ്ണമായി തടയപ്പെടുന്നില്ല. വേളിയിലെ നിർദ്ദിഷ്ട ബ്രേക്ക് വാട്ടർ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കായലിലും അനുബന്ധ പുഴകളിലും ഉപ്പുവെള്ളം കയറുന്നതോടെ പോളകൾ നശിക്കുമെന്ന് കരുതുന്നതായി പരിസ്ഥിതി വകുപ്പ് വ്യക്തമാക്കുകയുണ്ടായി.

ദേശീയ കായൽ സംരക്ഷണ പദ്ധതിപ്രകാരം ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച അന്വേഷണത്തിന് ഡ്രഡ്ജിംഗ് പണി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെയും (TCL) കായലോരത്ത് നടപ്പാത നിർമ്മിക്കുന്ന പണി കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെയും (KSINC) ഏൽപ്പിച്ചിരുന്നുവെന്നും ഇതിലേക്കായി 15 കോടി രൂപ TCL-നെയും 13 കോടി രൂപ KSINC-യെയും ഏൽപ്പിച്ചതായും പണി 2010 മേയ് മാസത്തിൽ ആരംഭിച്ചതായും, എന്നാൽ നാളിതുവരെ 64 ലക്ഷം രൂപയുടെ പണി മാത്രമേ പൂർത്തിയാക്കുവാൻ KSINC-ക്ക് കഴിഞ്ഞുള്ളൂ എന്ന കാരണത്താൽ പണി നിർത്തിവയ്ക്കുവാനും ബാക്കി പണം തിരികെ നൽകുവാനും KSINC യോട് ആവശ്യപ്പെട്ടതായും ആകെ 6.25 ലക്ഷം ഘനമീറ്റർ ചെളി നീക്കം ചെയ്യാനുള്ളതിൽ ഏകദേശം 3.92 ലക്ഷം ഘനമീറ്റർ ചെളി നീക്കം ചെയ്തുകഴിഞ്ഞു എന്നുമായിരുന്നു ജലവിഭവ വകുപ്പിന്റെ വിശദീകരണം.

കായൽ പ്രദേശത്ത് ഇപ്പോൾ 1.225 ഹെക്ടറിന്റെ 19 കയ്യേറ്റങ്ങൾ ഉള്ളതായും അത് ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതായും സർവ്വേപ്രകാരം കായലിന്റെ ചുറ്റളവ് 4000 മീറ്റർ ആണെന്നും അതിൽ 2000 മീറ്റർ സ്ഥലം കല്ലിട്ട് തിരിച്ചിട്ടുണ്ടെന്നും ബാക്കിഭാഗം തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ ജോലി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നുമായിരുന്നു ജലവിഭവ വകുപ്പിന്റെ വിശദീകരണം.

ആക്കുളം കായലിന് ജലം പ്രദാനം ചെയ്യുന്ന ഉറവകളെ സംബന്ധിച്ച് 15 വർഷം മുൻപ് പഠനം നടത്തിയിട്ടുണ്ടെന്നും അവയിൽ പ്രധാന ഉറവകൾ പാർവ്വതീപുത്തനാറും ഉള്ളൂർ തോടുമാണെന്നും സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS) ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പാർവ്വതീപുത്തനാർ മുതലാണ് സമിതിയുടെ സന്ദർശനപരിപാടിക്ക് തുടക്കം കുറിച്ചത്. സ്കൂൾ വാൻ മറിഞ്ഞ് ആറ് കുട്ടികൾ ഉൾപ്പെടെ ഏഴുപേർ മരണത്തിനിരയായ ഭാഗത്താണ് സമിതി സന്ദർശനത്തിനെത്തിയത്. അവിടെ പുതുതായി സംരക്ഷണഭിത്തി കെട്ടിയിട്ടുണ്ടായിരുന്നു. വാഴവിളകടത്ത് മുതൽ ചാക്കവരെ 3000 മീറ്റർ ദൂരം സംരക്ഷണഭിത്തി കെട്ടിക്കഴിഞ്ഞതായി സമിതിയുടെ ചോദ്യത്തിനുത്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. മറുകര ആറ്റിലേക്കിടിഞ്ഞിറങ്ങി അപകടകരമായ അവസ്ഥയിലായിരുന്നു. മറുകരയിൽ സംരക്ഷണഭിത്തി കെട്ടുന്ന കാര്യത്തിൽ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നായിരുന്നു അതിനെ സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടി. ആറ്റിൽ ജലം ഉണ്ടോ എന്നറിയാൻപോലും ആകാത്തവിധം പോളകൾ (കുളവാഴ) കൊണ്ട് കണ്ണെത്താദൂരത്തിൽ ജലോപരിതലം മൂടിക്കിടക്കുന്ന കാഴ്ചയായിരുന്നു അവിടെ കാണാൻ കഴിഞ്ഞത്. പോളകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ ടെന്റർ നടപടികൾ പൂർത്തിയായതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പുത്തനാറിന്റെ ശോച്യാവസ്ഥയിൽ സമിതി അതിയായ ആശങ്ക പ്രകടിപ്പിക്കുകയും പോളകൾ നീക്കം ചെയ്യുന്നതിനും ജലമലിനീകരണം തടയുന്നതിനും സംരക്ഷണഭിത്തികൾ ഇരുകരകളിലും നിർമ്മിക്കുന്നതിനും സത്വര നടപടിയുണ്ടാകണമെന്നും സമിതിയെ അനുഗമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെട്ടു.

പാർവ്വതീപുത്തനാർ സന്ദർശനം പൂർത്തിയാക്കി സമിതി യാത്രയായത് വേളി ടൂറിസ്റ്റ് വില്ലേജിലേക്കാണ്. വേളി ടൂറിസ്റ്റ് വില്ലേജിലെ കാഴ്ചകൾ ഒരു ടൂറിസ്റ്റ് സെന്റർ എന്ന നിലയിൽ തികച്ചും ആശാസ്യമായിരുന്നില്ല. പരിസരവും നടപ്പാതയും തീരെ വൃത്തിഹീനമായിരുന്നു. കായലിലെ ജലവിതാനം ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുംവിധം പോളകൾ നിറഞ്ഞുകിടപ്പുണ്ടായിരുന്നു. സമിതിയംഗങ്ങളുടെ കായലിലൂടെയുള്ള ആക്കുളം ബോട്ട് ക്ലബ്ബിനെ ലക്ഷ്യമാക്കിയുള്ള യാത്രയിലുടനീളം കുളവാഴകൾ ജലോപരിതലത്തിലൂടെ ഒഴുകി നടക്കുന്നതും കായലോരങ്ങളിൽ അവ വ്യാപകമായി അടിഞ്ഞുകൂടിക്കിടക്കുന്നതും കാണാമായിരുന്നു. കായലിനു കുറുകേ നാഷണൽ ഹൈവേയെ ബന്ധിപ്പിക്കുന്ന പാലത്തിനുകീഴിൽ ബോട്ടെത്തിയപ്പോൾ ഒരു പ്രത്യേക സ്ഥലത്തുകൂടി ബോട്ട് തിരിച്ചുവിടാൻ ഡ്രൈവർക്ക് നിർദ്ദേശം നൽകുന്നതിന്റെ കാരണം അന്വേഷിച്ചപ്പോൾ, പാലത്തിന്റെ പണിക്കായി കായലിൽ നിർമ്മിച്ച ബണ്ട് പൂർണ്ണമായും നീക്കം ചെയ്തിട്ടില്ലായെന്നും കുറച്ച് ഭാഗത്ത് നിന്ന് മാത്രമേ നീക്കം ചെയ്തിരുന്നുള്ളൂ എന്നും അതുവഴിമാത്രമാണ് ബോട്ടുകൾ സവാരി

നടത്തുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ബോട്ട് പിന്നെയും മുന്നോട്ട് പോകുമ്പോൾ കായലിന്റെ മൂന്ന് കോണുകളിലായി അംബരചുംബികളായ മൂന്ന് ഫ്ളാറ്റുകൾ ഉയർന്നു നിൽക്കുന്നത് കണ്ടു. അവയ്ക്കഭിമുഖമായ കായലിന്റെ കരയോടു ചേർന്നഭാഗത്ത് വലിയ മരക്കുറ്റികൾ നാട്ടിയും കൽഭിത്തികെട്ടിയും അതിർത്തി തിരിച്ചിരിക്കുന്നത് കണ്ടു. വലതുഭാഗത്ത് കണ്ട സ്വകാര്യ ഫ്ളാറ്റിനു മുന്നിലുള്ള കൽഭിത്തി കായലിന്റെ സ്വാഭാവിക അതിർത്തിയിൽ നിന്നും ഏകദേശം 25 മീറ്ററോളം കായലിനുള്ളിലേക്ക് ഇറക്കികെട്ടിയിരിക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത്. കായലിന്റെ അതിർത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ ചെലവിൽ കെട്ടിയതാണ് പ്രസ്തുത ഭിത്തിയെന്നും അവിടെ കയ്യേറ്റമൊന്നും ഉണ്ടായി ട്ടില്ലായെന്നുമാണ് അന്വേഷണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുണ്ടായ അഭിപ്രായം. മറ്റു ഭാഗങ്ങളിൽ എന്തുകൊണ്ട് ഇതിനെത്തുടർന്ന് കൽഭിത്തികെട്ടിയില്ലാ എന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരമുണ്ടായില്ല. കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി ഡ്രഡ്ജിംഗിന്റെ ഫലമായുണ്ടാകുന്ന ചെളി നിക്ഷേപിക്കുന്ന തിനാവശ്യമായ സ്ഥലത്തിനുവേണ്ടിയാണ് കായലിന്റെ ആഴം കുറഞ്ഞഭാഗത്ത് മരക്കുറ്റി നാട്ടി വേർതിരിച്ചിട്ടുള്ളത് എന്ന മറുപടിയാണ് അതേകുറിച്ചുള്ള ചോദ്യ ത്തിന് അധികൃതരിൽ നിന്നും ഉണ്ടായത്.

ബോട്ട് പിന്നെയും മുന്നോട്ടുപോയപ്പോൾ ജലത്തിന്റെ ഒഴുക്ക് വർദ്ധിക്കുന്നതായി അനുഭവപ്പെട്ടു. ഒപ്പം വെള്ളത്തിന്റെ നിറവ്യത്യാസവും ദുർഗന്ധവും. ഇരുണ്ട ജലോപരിതലത്തിലൂടെ വെളുത്ത പക്ഷികളെപ്പോലെ പലതും ഒഴുകിവരുന്നുണ്ടായി രുന്നു. അടുത്തെത്തിയപ്പോൾ അവയെല്ലാം പ്ലാസ്റ്റിക് ബോട്ടിലുകളും കവറുകളും ആണെന്നുകണ്ടു. ജലത്തിന്റെ ദുർഗന്ധം അതിരൂക്ഷവും അസ്സഹനീയവും ആകുകയാ യിരുന്നു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളു മായി കണ്ണമ്മൂല തോട്ടിൽനിന്നും വരുന്ന ജലമാണിതെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ആക്കുളം ബോട്ട് ക്ലബ്ബിന്റെ ലാൻഡിംഗ് പ്ലേയ്സിൽ ബോട്ടുകൾ എത്തിയപ്പോൾ സമിതിയംഗങ്ങളെ പിടിച്ച് കരയ്ക്ക് കയറ്റുവാൻ ആളുകൾ സജ്ജരായി നിൽപ്പുണ്ടാ യിരുന്നു. ഇവിടെ പരസഹായമില്ലാതെ ബോട്ടിൽ നിന്നും കരയ്ക്കിറങ്ങുവാൻ സാധ്യമല്ലാത്ത അവസ്ഥയാണ്. കൂടാതെ, അശാസ്ത്രീയമായ നിർമ്മാണം ബോട്ട് ക്ലബ്ബിനെ നിലവാരമില്ലാത്തതാക്കിയിരിക്കുന്നു.

കായൽ ബ്യൂട്ടിഫിക്കേഷന്റെ മറവിൽ വൻ അഴിമതിയാണ് നടക്കുന്നതെന്നും കോടിക്കണക്കിന് രൂപയുടെ മണൽ കടത്തിയെന്നും ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ഫാക്ടറിയിൽ നിന്നുള്ള ഉപയോഗശൂന്യമായ കളിമണ്ണ് കായലിൽ തള്ളുന്നതുമൂലവും നാഷണൽ ഹൈവേയിലെ പാലം നിർമ്മാണവേളയിൽ സ്ഥാപിച്ച ബണ്ട് നീക്കം ചെയ്യാത്തതുമൂലവും ചെളിയും മണ്ണും അടിഞ്ഞ് കായലിന്റെ ആഴം കുറയുന്നു എന്നും കൗൺസിലർ സമിതിയെ അറിയിച്ചു.

സന്ദർശനാനന്തരം Centre for Earth Science Studies (CESS)-ലെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സമിതി നേരിൽക്കണ്ട് മനസ്സിലാക്കിയ കാര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദമാക്കി. സമിതിക്ക് ലഭിച്ച പരാതികളിൽ പരാമർശിക്കുന്നതിലും വളരെ ഗുരുതരമായ അവസ്ഥയാണ്

കായലിന്റേതെന്നും ഈ ജഡാവസ്ഥയ്ക്ക് പുനർജീവൻ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. കായലിന്റെ പുനരുദ്ധാരണത്തിനായി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തണമെന്നും കായലിനെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് തടയിടുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും സമിതിയെ അനുഗമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആരായുന്നതിനായി 10-1-2012-ന് വീണ്ടും തെളിവെടുപ്പ് യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

കായലിന്റെ ശോച്യാവസ്ഥ നേരിൽ കണ്ട സമിതി കായലിനെയും പാർവ്വതീ പുത്തനാറിനെയും പുനരുദ്ധരിക്കുന്നതിനായി കഴിയാവുന്ന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി സമഗ്രവും സ്ഥൂലവുമായ ഒരു തെളിവെടുപ്പാണ് 10-1-2012-ന് ചേർന്ന യോഗത്തിൽ നടത്തിയത്. യോഗത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, വിനോദസഞ്ചാരം, പരിസ്ഥിതി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു. കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടർ, സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഡയറക്ടർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

തെളിവെടുപ്പുയോഗത്തിൽ നിന്ന് സമിതിക്ക് ലഭിച്ച സുപ്രധാന വിവരങ്ങൾ താഴെപ്പറയുന്നവയാണ് :

1. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ചെലവാക്കുവാൻ പറ്റാതിരുന്ന തുകയിൽ നിന്നും 30 കോടി രൂപ കായൽ സംരക്ഷണത്തിന്റെ ആവശ്യത്തിനായി നൽകിയെങ്കിലും ഈ തുക ഉപയോഗിച്ച് പണികൾ ഒന്നും ചെയ്യുകയുണ്ടായില്ല. എന്നാൽ വേളി-ആക്കുളം കായലുകളുടെ നവീകരണത്തിനായി കേന്ദ്രസർക്കാരിന്റെ നീർത്തട സംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തി 24.56 കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. പദ്ധതിപ്രകാരം തുകയുടെ 70% (17.19 കോടി) കേന്ദ്ര വിഹിതവും 30% (7.37 കോടി) സംസ്ഥാന വിഹിതവുമാണ്. ആയതിൻ പ്രകാരം സർക്കാർ ഉത്തരവ് G. O. (Rt.) No. 46/2009/CSIND dated 8-9-2009 അനുസരിച്ച് കായലിന്റെ ആഴം കൂട്ടുന്ന പണികളുടെ ചുമതല കേരളാ സ്റ്റേറ്റ് മാരിടൈം കോർപ്പറേഷനും ട്രാവൻകൂർ സിമന്റ്സിനും, കായലിന്റെ കര സംരക്ഷണ പണികളുടെ ചുമതല കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനും നൽകാൻ തീരുമാനിച്ചു. അതോടൊപ്പം പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജലഗതാഗതം മെച്ചപ്പെടുത്തുന്ന വകയിലേക്ക് അനുവദിച്ച തുകയായ 30 കോടി രൂപയും വേണ്ട വിധം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചു. കായലിന്റെ ആഴം കൂട്ടുന്ന പണി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെയും കേരളാ സ്റ്റേറ്റ് മാരിടൈം കോർപ്പറേഷനെയും ഏല്പിക്കുവാൻ കാരണം രണ്ട് കമ്പനികളും ഡ്രെഡ്ജിംഗിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള കമ്പനികളായതിനാലാണ്. ഇതിലേക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 24.56 കോടി രൂപയും പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ച 30 കോടി രൂപയിൽ നിന്നും

10 കോടി രൂപയും ചെലവാക്കുവാൻ തീരുമാനിച്ചു. പണിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ജലവിഭവ വകുപ്പുമന്ത്രി ചെയർമാനായി പത്തംഗ സമിതിക്കും ചീഫ് എഞ്ചിനീയർ (ഐ & എ) ചെയർമാനായി നാലംഗ ടെക്നിക്കൽ കമ്മിറ്റിക്കും രൂപം നൽകി ഉത്തരവായെങ്കിലും കമ്മിറ്റികൾ ഒരിക്കലെങ്കിലും യോഗം ചേർന്നതായ വ്യക്തമായ വിവരം നൽകുവാൻ സമിതി യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കായില്ല. സർക്കാർ ഉത്തരവു പ്രകാരം ഡ്രഡ്ജിംഗിന്റെയും സംരക്ഷണ ഭിത്തി കെട്ടുന്നതിന്റെയും പണികൾ നിർദ്ദിഷ്ട സ്ഥാപനങ്ങൾ ആരംഭിച്ചെങ്കിലും പണിയുടെ പുരോഗതി നാമമാത്രമായിരുന്നു. ഡ്രഡ്ജിംഗിന്റെ 55% മാത്രം പൂർത്തിയാക്കാനേ ഈ കാലയളവിൽ സാധിച്ചുള്ളൂ.

2. കെ.എസ്.ഐ.എൻ.സി.യെ ഏല്പിച്ച കായലിന്റെ തീരങ്ങളിൽ സംരക്ഷണഭിത്തി കെട്ടുന്ന ജോലിയുടെ പുരോഗതി വളരെ പരിതാപകരമായിരുന്നു. 64 ലക്ഷം രൂപ ചെലവഴിച്ച് സ്വകാര്യ ഫ്ളാറ്റ് സമുച്ചയത്തിനു മുന്നിൽ 500 മീറ്റർ ദൂരത്തിൽ മാത്രമേ അവർക്ക് സംരക്ഷണഭിത്തി നിർമ്മിക്കുവാൻ കഴിഞ്ഞുള്ളൂ എന്നതിനാൽ ടി ജോലിയിൽ നിന്നും അവരെ ഒഴിവാക്കുകയും പ്രസ്തുത പണിയും വ്യവസായവകുപ്പിൻ കീഴിലുള്ള ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെയും കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷനെയും ഏല്പിച്ചു. എന്നാൽ വ്യവസായ വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ടി സ്ഥാപനങ്ങൾക്കും പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. തന്മൂലം പണി പൂർണ്ണമായും നിറുത്തിവയ്ക്കുകയാണുണ്ടായത്.

3. ഡ്രഡ്ജ് ചെയ്തെടുത്ത ചെളി ജലസേചന വകുപ്പ് രേഖപ്പെടുത്തി കൊടുത്ത അഞ്ച് ഡമ്പിംഗ് സൈറ്റുകളിലാണ് നിക്ഷേപിച്ചത്. കായലിന്റെ തീരത്തോടടുത്ത ആഴം കുറഞ്ഞ ഭാഗങ്ങൾ മരക്കുറ്റികൾ നാട്ടി വേർതിരിച്ചാണ് ഇതിനായി സ്ഥലം കണ്ടെത്തിയത്. ഇതുമൂലം കായലിന്റെ വിസ്തൃതി കുറഞ്ഞിട്ടുള്ളതിനാൽ അവിടെ നിന്നും ചെളി നീക്കം ചെയ്യുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

4. റവന്യൂ വകുപ്പിന്റെ സർവ്വേപ്രകാരം കായലിന്റെ പരിധിയിൽ വരുന്ന 1.1229 ഹെക്ടർ സ്ഥലം കയ്യേറിയിട്ടുണ്ട്. പത്തൊൻപത് പാവപ്പെട്ട കുടുംബങ്ങളാണ് കയ്യേറ്റം നടത്തിയിട്ടുള്ളത്. ഇവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. കയ്യേറ്റം തടയുന്നതിനും ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കായലിനു ചുറ്റും നാലുമീറ്റർ വീതിയിൽ തറയോട് വിരിച്ച് നടപ്പാത നിർമ്മിക്കാനും ആറുമീറ്റർ വീതിയിൽ പുല്ലും മരങ്ങളും നട്ടുപിടിപ്പിച്ച് പാർക്ക് രൂപത്തിൽ നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പാർക്കിന്റെ അതിർത്തി ഫെൻസിംഗ് നടത്തി സംരക്ഷിക്കാനുമാണ് പദ്ധതി.

6. കായൽ ഡ്രഡ്ജ് ചെയ്തപ്പോൾ ലഭിച്ച 3812 ക്യു. മീറ്റർ മണൽ വ്യവസായ വകുപ്പിന്റെ ഉത്തരവുപ്രകാരം ടെണ്ടർ ക്ഷണിച്ച് വിൽക്കുകയുണ്ടായി. ഉത്തരവുപ്രകാരം ജില്ലാകളക്ടറെ ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. ടെന്റർ പ്രകാരം ക്യുബിക് മീറ്റർ മണലിന് 1,312 രൂപ പ്രകാരം 3812.47 ക്യുബിക് മീറ്റർ മണൽ 50,01,923 രൂപയ്ക്ക് വില്പന നടത്തുകയുണ്ടായി.

7. നാഷണൽ ഹൈവേയുടെ നിർമ്മാണ വേളയിൽ ആക്കുളം കായലിന് കുറുകേ പാലം നിർമ്മിക്കുന്നതിനായി കായലിൽ പില്ലറുകൾ സ്ഥാപിച്ചപ്പോൾ കായലിനു കുറുകേ ബണ്ട് നിർമ്മിക്കുകയുണ്ടായി. എന്നാൽ പാലം പണി കഴിഞ്ഞെങ്കിലും കായലിൽ സ്ഥാപിച്ച ബണ്ട് നീക്കം ചെയ്യാൻ നാഷണൽ ഹൈവേ അധികൃതർ കൂട്ടാക്കിയില്ല. അതിനാൽ കായലിൽ നിന്നും കുളവാഴയും പാർവ്വതീപുത്തനാറിൽ നിന്നുവരുന്ന മാലിന്യങ്ങളും മറ്റും കടലിലേക്ക് പോകാതെ കായലിൽ കെട്ടിക്കിടന്നു. തൽഫലമായി കായലിന്റെ ആഴവും കുറഞ്ഞു. നിരന്തരമായി ആവശ്യപ്പെട്ടതുപ്രകാരം എട്ട് സ്പാനുകളുള്ളതിൽ രണ്ട് സ്പാനുകൾക്കിടയിലുള്ള ബണ്ടുകൾ മാത്രം പൂർണ്ണമായും നീക്കം ചെയ്തു. ബാക്കിയുള്ള ആറ് സ്പാനുകൾക്കിടയിലുള്ള ബണ്ടുകളുടെ മുകളിലുള്ള മണ്ണ് മാത്രമേ നീക്കം ചെയ്തുള്ളൂ. ഇതുമൂലം ഈ ഭാഗങ്ങളിൽ ചെളിയും മറ്റു മാലിന്യങ്ങളും അടിഞ്ഞ് കായലിന്റെ ആഴം കുറഞ്ഞുവരുന്നു. ബണ്ടുകൾ പൂർണ്ണമായും നീക്കം ചെയ്ത ഭാഗത്തുകൂടി മാത്രമേ ടൂറിസം വകുപ്പിന്റെ ബോട്ടുകൾക്ക് സവാരി നടത്തുവാൻ കഴിയുന്നുള്ളൂ.

8. തിരുവനന്തപുരം നഗരത്തിൽ ടൂറിസ്റ്റുകളുടെ പ്രധാന ആകർഷക കേന്ദ്രങ്ങളിൽ ഒന്നാകണം ആക്കുളം ടൂറിസ്റ്റ് വില്ലേജ് എന്ന ലക്ഷ്യത്തോടെയാണ് ഇതിന് രൂപകൽപ്പന നൽകിയതെങ്കിലും യഥാസമയം ആവശ്യമായ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാത്തതിനാൽ വില്ലേജിലെ ബോട്ട് ക്ലബ്, നീന്തൽക്കുളം, മ്യൂസിക്കൽ ഫൗണ്ടൻ, കുട്ടികളുടെ പാർക്ക് എന്നിവ ആകർഷകത്വം മങ്ങിയ സ്ഥിതിയിലാണ്. ആയതിനാൽ വാട്ടർപാർക്കിന്റെ തനതായ സൗന്ദര്യം വീണ്ടെടുക്കുന്നതിനായി ആവശ്യമായ അറ്റകുറ്റപ്പണികൾക്കായി 1,33,99,000 രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ തുക ഉപയോഗിച്ചുള്ള പണികൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വേളി കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന രണ്ടു ഫാക്ടറികളാണ് ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ്, ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സ് ലിമിറ്റഡ് എന്നിവ. ടൈറ്റാനിയം ഫാക്ടറിയിലെ മലിനജലം നേരിട്ട് കടലിൽ എത്തുന്നതിനാൽ പ്രസ്തുത ഫാക്ടറിയിൽ നിന്നും കായലിന് മലിനീകരണ ഭീഷണിയില്ല. എന്നാൽ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയ്സിൽ നിന്നുള്ള മലിനജലം ട്രീറ്റുചെയ്തശേഷം കായലിലേയ്ക്കാണ് ഒഴുക്കിവിടുന്നത്. ഈ ജലത്തിന്റെ ശുദ്ധി പരിശോധിക്കപ്പെട്ടിട്ടില്ല. കൂടാതെ ഫാക്ടറിയിലെ ഉപയോഗശൂന്യമായ ക്ലേ കായലിൽ ചേരുന്നതിനാൽ കായലിന്റെ ആഴത്തെ അത് സാരമായി ബാധിക്കുന്നു.

9. ആക്കുളം കായലിൽ നിന്നും അധികം അകലെയല്ലാതെ കണ്ണമ്മൂല തോടിനു സമീപം സ്ഥിതിചെയ്യുന്ന ഒരു പ്രശസ്ത സ്ഥാപനമാണ് കിംസ് ഹോസ്പിറ്റൽ. ഹോസ്പിറ്റലിൽ നിന്നും നേരിട്ട് മലിനജലം കായലിലേക്ക് ഒഴുക്കുന്നില്ല എങ്കിലും ട്രീറ്റുചെയ്ത ജലം ചെന്നെത്തുന്നത് കണ്ണമ്മൂല തോടുവഴി കായലിലാണ്. ഈ ജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയ മായി പരിശോധിച്ചിട്ടില്ല.

തെളിവെടുപ്പ് യോഗത്തിൽ നിന്നും സമിതിക്ക് ലഭിച്ച വിവരങ്ങൾ ഇവയൊക്കെ യായിരുന്നു.

പണ്ടുമുതൽ തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന ജലത്തെ ഉൾക്കൊള്ളുന്ന രണ്ട് ജലാശയങ്ങളാണ് ആക്കുളവും വേളി കായലും. കണ്ണമ്മൂല തോടുവഴിയെത്തുന്ന തെളിനീർ ആക്കുളത്തും പാർവ്വതീപുത്ത നാറിൽ നിന്നും വരുന്ന ജലം വേളിക്കായലിലും എത്തിച്ചേർന്നിരുന്നു. കൂടാതെ പ്രകൃതി കനിഞ്ഞ് നൽകിയ ധാരാളം ഭൂഗർഭ ഉറവകളും. അന്ന് ജലാശയങ്ങളിലെ ജലത്തിന് നീലനിറമായിരുന്നു. ആക്കുളത്തിന്റെ പാർശ്വഭാഗങ്ങളിൽ നെൽക്കൃഷി ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ജലാശയങ്ങളിലുണ്ടാകുന്ന പരിമിതമായ മാലിന്യങ്ങളെ നീക്കം ചെയ്യുവാൻ വിവിധതരം മത്സ്യങ്ങളുൾപ്പെടെ ധാരാളം ജലജീവികൾ ഉണ്ടായിരുന്നു. മത്സ്യങ്ങളെത്തേടി വിദൂരദേശങ്ങളിൽനിന്നുംവന്ന വിവിധയിനം പക്ഷികൾ കായൽക്കരയിലെ വൃക്ഷങ്ങളിലും മറ്റും കൂട്ടുകൂടി താവളമടിച്ചു. ദേശാടനക്കിളികളും സുഖകരമായ ആവാസസ്ഥലം തേടി ആക്കുളത്തെത്തി. ഋതുഭേദങ്ങൾ ആക്കുളത്തെ ആവാസവ്യവസ്ഥയിലും വർണ്ണ ഭേദങ്ങൾ വരുത്തി.

നാഗരികതയുടെ ആധിക്യത്തിൽ ജലാശയങ്ങളുടെ മുഖം മാറുവാൻ തുടങ്ങി. ആക്കുളം കായലിനെയും വേളികായലിനെയും വേർതിരിച്ചിരുന്ന ബണ്ട് നീക്കം ചെയ്യപ്പെട്ടു. അങ്ങനെ രണ്ട് ജലാശയങ്ങളും ഒന്നുചേർന്ന് വേളി-ആക്കുളം കായലായി. നഗരത്തിൽ ഉയർന്ന് വന്ന വ്യവസായശാലകളിലെയും ആശുപത്രി കളിലെയും ഫാക്ടറികളിലെയും അറവുശാലകളിലെയും വീടുകളിലെയും മാലിന്യങ്ങൾ വിവിധമാർഗ്ഗങ്ങളിലൂടെ കായലിലേയ്ക്ക് വന്നെത്തിത്തുടങ്ങി. കായലിലെ വെള്ളത്തിന്റെ നീലനിറം കറുപ്പ് നിറത്തിന് വഴിമാറി. ഒപ്പം രൂക്ഷമായ ദുർഗ്ഗന്ധവും. കായലും കൈവഴിയായ പാർവ്വതീപുത്തനാറും പോളകൾ (കുളവാഴ) കൊണ്ടുനിറഞ്ഞു. ദേശാടനപക്ഷികൾ ഇങ്ങോട്ടുള്ള യാത്ര അവസാനിപ്പിച്ചു. വിനോദസഞ്ചാരികൾക്ക് ബോട്ടുയാത്ര നിഷേധിക്കപ്പെട്ടു.

മനുഷ്യൻ ഒരു തത്വദീക്ഷയുമില്ലാതെ വരുത്തിവച്ച ഈ ദുസ്ഥിതിക്ക് പരിഹാരം കാണേണ്ടതുണ്ട്. കായലിനെ മുൻകാല പ്രതാപത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുവാൻ അതിന് വിവിധ വകുപ്പുകളുടെ ആത്മാർത്ഥവും അശ്രാന്തവുമായ പരിശ്രമം ആവശ്യമാണെന്ന് സമിതി കരുതുന്നു. കായലിന്റെ പുനരുദ്ധാരണത്തിനായി ലഭിച്ച 54.56 കോടി രൂപ (30+24.56) തികഞ്ഞ അനാസ്ഥയും കെടുകാര്യസ്ഥതയും കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല ഫലത്തിൽ അത് കായലിന്റെ നാശത്തിനാണ് വഴിവച്ചതെന്ന് സമിതി

വിലയിരുത്തുന്നു. ഈ തുക ഇനിയും വിനിയോഗിക്കുവാൻ കഴിയുമെങ്കിൽ കായലിന്റെ ഉന്നമനത്തിനായി അത് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കപ്പെടണം. ആയതിനാൽ കായലിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ട് സമിതി താഴെപ്പറയുന്ന നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

1. മുട്ടത്തറ സ്വീവേജ് ഫാമിൽ നിലവിൽ പ്രവർത്തിക്കുന്ന സംവിധാനം അനുസരിച്ച് സ്വീവേജ് പാർവ്വതീപുത്തനാറിൽ ഒഴുകി എത്തുന്നതായും ഇതുമൂലം പാർവ്വതീപുത്തനാറും വേളി-ആക്കുളം കായലും മലീമസ മാകുകയും ഖരമാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗന്ധത്തിന് കാരണ മാകുകയും ചെയ്യുന്നു എന്ന് ബന്ധപ്പെട്ട വകുപ്പുതന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ടും മുട്ടത്തറയിൽ സ്ഥാപിക്കുന്ന 107 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതുവഴി സ്വീവേജ് പാർവ്വതീപുത്തനാറിലേയ്ക്ക് ഒഴുകുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. ആക്കുളം കായലിനെ മലീമസമാക്കുന്ന മറ്റൊരു തോടാണ് കണ്ണമൂല തോട്. നഗരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഓടകൾവഴി യെത്തുന്ന മാലിന്യങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽ നിന്ന് തുറന്നുവിടുന്ന മാലിന്യങ്ങളും കണ്ണമ്മൂല തോടു വഴി ആക്കുളം കായലിൽ എത്തുന്നു. ഇത് തടയുന്നതിനായി മാലിന്യ ങ്ങൾ കണ്ണമ്മൂല തോടിൽ എത്തുന്നതിനുമുൻപായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഒന്നോ അതിലധികമോ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയും ശുദ്ധീകരിച്ച ജലം മാത്രം കണ്ണമ്മൂല തോട്ടിലേയ്ക്ക് ഒഴുകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

3. പാർവ്വതീപുത്തനാറിന്റെ ഇരുകരകളിലും താമസിക്കുന്നവരിൽ പലരുടെയും വീടുകളിൽ നിന്നും ഡ്രെയിനേജ് ജലം ആറ്റിലേയ്ക്ക് ഒഴുക്കിവിടുന്നതായും പ്ലാസ്റ്റിക്ക് സാധനങ്ങൾ ഉൾപ്പെടെ മാലിന്യങ്ങൾ വലിച്ചെറിയുകയും ചെയ്യുന്നതായും തൻമൂലം ആറ്റിലെ ജലവും തുടർന്ന് കായൽജലവും മലിനമാകുകയും ചെയ്യുന്നതിനാൽ ജലം കുടിക്കുന്ന തിനോ കുളിക്കുന്നതിനോ ഉപയോഗിക്കുവാൻ കഴിയുന്നില്ല എന്നുമാത്രമല്ല ജലസേചനത്തിനുപോലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ആയതിനാൽ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ജനപങ്കാളിത്തം ഉറപ്പുവരുത്തി അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ ബോധവൽക്കരണം നടത്തേണ്ടതും നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള മുനിസിപ്പൽ ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കേണ്ടതും നിയമം നടപ്പാക്കാൻ വിമുഖത കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

4. പാർവ്വതീപുത്തനാർ, കണ്ണമ്മൂല തോട് എന്നിവയിൽ നിന്നും കായലിൽ വന്നുചേരുന്ന ജലത്തിൽ കെമിക്കൽ-ബയോളജിക്കൽ മാലിന്യങ്ങളുടെ സാന്നിദ്ധ്യം ഒരു സ്ഥിരസംവിധാനമെന്ന നിലയിൽ നിശ്ചിത ഇടവേള കളിൽ പരിശോധിക്കേണ്ടതും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ആയതിന്റെ ഫലം പ്രദേശവാസികൾക്ക് ലഭ്യമാകുന്നതിനായി നടപടി സ്വീകരിക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. സ്വകാര്യ ആശുപത്രികൾ, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയിസ് ലിമിറ്റഡ് ഉൾപ്പെടെ യുള്ള ഫാക്ടറികൾ എന്നിവയിൽ നിന്നും ട്രീറ്റ് ചെയ്ത ശുദ്ധമായ ജലം മാത്രമേ പുറത്തുവിടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനായി ജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി ടെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡിൽ നിന്നും ഉപയോഗശൂന്യമായ ക്ലേ കായലിലേയ്ക്ക് തള്ളുന്നത് ക്രിമിനൽ കുറ്റമാണെന്നും ആയതിനാൽ കായലിലേയ്ക്ക് തുറന്നുവിടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ആയതു നിരീക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. ഡ്രഡ്ജ് ചെയ്ത് കായലിന്റെ കരയോടുചേർന്ന ആഴംകുറഞ്ഞ ഭാഗങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന ചെളി അവിടെ നിന്നും നീക്കംചെയ്ത് കായലിന്റെ തനതായ വിസ്തൃതി നിലനിർത്തുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കണം.

8. സ്വകാര്യ ഫ്ളാറ്റ് സമുച്ചയത്തോടുചേർന്ന കായൽ അതിർത്തിയിൽ കായലിനുള്ളിലേക്ക് ഇറക്കിയാണ് ഇപ്പോൾ കല്ലുകൊണ്ടുള്ള ഭിത്തി കെട്ടിയിരിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തേണ്ടതും ഭിത്തി കെട്ടിയതിൽ അപാകത യുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതും കായലിനുള്ളിലേയ്ക്കിറക്കി ഭിത്തികെട്ടുന്നതിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

9. വിനോദസഞ്ചാര വകുപ്പിന്റെ G.O. (Rt.) No. 8482/11/TSM dated 10-11-2011 പ്രകാരം ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ വാട്ടർ പാർക്കിന്റെ നവീകരണ ത്തിനായി അനുവദിച്ച 1,33,99,000 രൂപ ഉപയോഗിച്ചുള്ള പണി കാലവിളംബം കൂടാതെ സമയബന്ധിതമായി പൂർത്തിയാക്കുകയും ആയത് സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കേണ്ടതുമാണ്.

10. നാഷണൽ ഹൈവേ നിർമ്മാണവേളയിൽ പാലം നിർമ്മിക്കുന്നതിനായി കായലിൽ സ്ഥാപിച്ച എട്ടു ബണ്ടുകളിൽ രണ്ടെണ്ണം മാത്രമാണ് പൂർണ്ണ മായും നീക്കം ചെയ്തിട്ടുള്ളത്. ഇതുമൂലം ബോട്ട് സർവ്വീസ് നടത്തുന്നതിന് തടസ്സമുണ്ടാകുന്നു എന്നതിനുപുറമേ കായലിന്റെ അടിത്തട്ടിൽ ചെളിയും മറ്റ് മാലിന്യങ്ങളും കടലിലേയ്ക്ക് പോകാതെ അടിഞ്ഞുകിടന്ന് കായലിന്റെ ആഴം കുറയുവാൻ ഇടയാകുന്നു. ആയതിനാൽ ബണ്ടുകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

11. ഇപ്പോൾ ലഭ്യമായ റവന്യൂ രേഖകൾപ്രകാരം ആക്കുളം കായലിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതായും മാലിന്യത്തിന്റെ അളവ് വർദ്ധിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഴയ രേഖകൾ പ്രകാരം 40 വർഷം മുൻപ് കായലിനുണ്ടായിരുന്ന വിസ്തീർണ്ണവും വെള്ളത്തിന്റെ അളവും ഇപ്പോഴുള്ള വിസ്തീർണ്ണവും വെള്ളത്തിന്റെ അളവും പരിശോധിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. വേളി-ആക്കുളം കായലിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് ആകെ പത്തൊൻപത് വ്യക്തികൾ 1.1229 ഹെക്ടറിന്റെ കൈയേറ്റം നടത്തിയിട്ടുള്ളതായിട്ടാണ് ഔദ്യോഗിക കണക്ക്. ഈ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതായി സമിതിയെ അറിയിച്ചിട്ടുള്ളതാണ്. ഔദ്യോഗികമായി ലഭിച്ച കണക്കുകൾ കൂടാതെ വൻതോതിലുള്ള കൈയേറ്റങ്ങൾ നടന്നിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കൈയേറ്റങ്ങളെല്ലാം കണ്ടെത്തി അടിയന്തിരമായി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. കായൽജലത്തിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങളുടെ അനുപാതം പരിശോധിക്കേണ്ടതും മാലിന്യത്തിന്റെ സാന്നിധ്യംമൂലം കായലിലെ ജലത്തിന്റെ അളവിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. പോളകൾ (കുളവാഴ) വളർന്ന് വ്യാപിക്കുന്നത് ജലഗതാഗതത്തെ സാരമായി തടസ്സപ്പെടുന്നതിനും കൊതുകുകൾ പെരുകുന്നതിനും കാരണമാകുന്നു. വേളി-ആക്കുളം കായലിലും പാർവ്വതീപുത്തനാറിലും പൂർണ്ണമായും പോളകൾ കൊണ്ടുനിറഞ്ഞിരിക്കുകയാണ്. പോളകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞതായി തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കുകയുണ്ടായി. ആകയാൽ പോളകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. വേളി-ആക്കുളം കായലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിനായി തീരദേശ കപ്പൽ ഗതാഗത ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ 26-9-2009-ലെ G.O. (Rt.) No. 48/2009/CSIND പ്രകാരം ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും ചീഫ് എഞ്ചിനീയർ (ഐ. & എ.) യുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. ഈ സമിതികൾ യഥാസമയം യോഗം ചേരുകയോ കായൽ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് സമിതി

മനസ്സിലാക്കുന്നു. ആകയാൽ കായലിന്റെ നവീകരണപ്രവർത്തനങ്ങളുടെ ചുമതല ഒരു ഉത്തരവിലൂടെ നഗരസഭയെ ഏല്പിക്കുകയും ഇത് ഒരു സ്പെഷ്യൽ സോൺ ആയി പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. വാഹനങ്ങൾ പാർവ്വതീപുത്തനാറിലേയ്ക്ക് മറിഞ്ഞ് പിഞ്ചു കുട്ടികളടക്കം നിരവധി പേർക്ക് പരിക്കേൽക്കുകയും മരണമടയുകയും ചെയ്തതിന്റെ ഫലമായി ആറ്റിന്റെ ഒരു കരയിൽ സംരക്ഷണഭിത്തി കെട്ടുകയുണ്ടായി. എന്നാൽ മറുകരയിൽ സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ ഇത്തരത്തിലുള്ള അപകടങ്ങൾ സർവ്വസാധാരണമാണ്. സംരക്ഷണഭിത്തി കെട്ടണമെന്നത് ഒരു പ്രധാന ആവശ്യമാണ്. ആയതിനാൽ ടി കരയിലും സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. മലിനീകരണം, കൈയേറ്റം തുടങ്ങിയവമൂലം നശിച്ചുകൊണ്ടിരിക്കുന്ന കായലിനെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ നീർത്തട സംരക്ഷണ പരിപാടിയിൽപ്പെടുത്തി നൽകിയ 24.56 കോടി രൂപയും പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാൻ പറ്റാതിരുന്ന തുകയിൽ നിന്നും അനുവദിച്ച 30 കോടി രൂപയും ഉൾപ്പെടെ ആകെ 54.56 കോടി രൂപ അനുവദിച്ചതിൽ കേവലം 7.735 കോടി രൂപ മാത്രം ചെലവാക്കി കായലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പണിയുടെ 50 ശതമാനവും കായലിനുചുറ്റും നടപ്പാത നിർമ്മിക്കുന്നതിന്റെ പണിയുടെ പ്രാരംഭമായി 500 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും മാത്രമാണ് ഇതുവരെ ചെയ്തിട്ടുള്ളത്. ആയതിനാൽ തുക യഥാസമയം ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ ഗുരുതരമായ പാകപ്പിഴ ഉണ്ടായത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടി തുക സമയബന്ധിതമായി പൂർണ്ണമായും വിനിയോഗിച്ച് നിർദ്ദിഷ്ട പണികൾ പൂർത്തീകരിച്ച് കായലിനെ മാലിന്യത്തിൽ നിന്നും രക്ഷിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതരത്തിലുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. കായൽ ഡ്രഡ്ജ് ചെയ്തപ്പോൾ ലഭിച്ച മണൽ വിൽപ്പനയിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
6-6-2012.